LIBRARY ARCHIVES Kerala Legislative Assembly

വിഴിഞ്ഞം തുറമുഖ നിർമ്മാണത്തിനായി കമ്പനി രൂപീകരണം

196 [1514] ശ്രീ. പിരപ്പൻകോട് മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം തുറമുഖ നിർമ്മാണത്തിനായി ഒരു കമ്പനി രൂപീകരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത കമ്പനി രൂപീകരണം കൊണ്ട് എന്താണ് ഉദ്ദേശിക്കുന്നത്;

(സി) പ്രസ്തുത കമ്പനിക്ക് സ്വന്തമായി ആസ്ഥാനം ഉണ്ടോ; ഉണ്ടെങ്കിൽ അത് എവിടെയാണെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) ഉണ്ട്. വിഴിഞ്ഞം ഇന്റർനാഷണൽ സീ പോർട്ട് ലിമിറ്റഡ് എന്ന പേരിൽ ഒരു കമ്പനി രൂപീകരിച്ചിട്ടുണ്ട്.

(ബി) വിഴിഞ്ഞം തുറമുഖ നിർമ്മാണ പദ്ധതി നടപ്പിലാക്കുന്നതിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ (റെയിൽ, റോഡ്, വൈദ്യുതി, ജലം, പ്രത്യേക സാമ്പത്തിക മേഖല) ഒരുക്കുക, ധനസംഭരണം, സ്വകാര്യ പങ്കാളിയുമായി ചേർന്ന സംയുക്ത സംരംഭത്തിൽ തുറമുഖ വികസനം നടപ്പിലാക്കുക, ലോജിസ്റ്റിക്ക് കോറിഡോർ, ഫ്രീ ട്രേഡ് സോൺ, വെയർ ഹൗസിംഗ് സോൺ എന്നിവയുടെ വികസനം എന്നിവയാണ് കമ്പനി രൂപീകരണം കൊണ്ട് ലക്ഷ്യമിടുന്നത്.

(സി) ഉണ്ട്. സംസ്ഥാന തുറമുഖ കാര്യാലയം പ്രവർത്തിക്കുന്ന ജയശ്രീ, റ്റി.സി. 15/241, വെള്ളയമ്പലം, തിരുവനന്തപുരം-10 എന്നയിടത്താണ് കമ്പനിയുടെ രജിസ്റ്റേഡ് ഓഫീസ്. എന്നാൽ ഹൈഡ്രോഗ്രാഫിക് സർവ്വേ വിഭാഗത്തിന്റെ ചീഫ് ഹൈഡ്രോഗ്രാഫറുടെ ഓഫീസിന്റെ ആസ്ഥാന മന്ദിരത്തിലാണ് കമ്പനി തൽക്കാലം പ്രവർത്തിക്കുന്നത്.

വിഴിഞ്ഞം തുറമുഖം കമ്മീഷൻ ചെയ്യാൻ നടപടി

197 [1515] ശ്രീ. ഷിബു ബേബി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം തുറമുഖം കമ്മീഷൻ ചെയ്യാൻ കാലതാമസം വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത തുറമുഖം കമ്മീഷൻ ചെയ്യാൻ തടസ്സമായി നിൽക്കുന്ന ഘടകങ്ങൾ ഏതൊക്കെ എന്ന് വിശദീകരിക്കാമോ;

(സി) തുറമുഖം കമ്മീഷൻ ചെയ്യാൻ അടിയന്തിര നടപടി സ്വീകരിക്കുമോ; ഇത് എന്നത്തേയ്ക്ക് കമ്മീഷൻ ചെയ്യാനാകുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) വിഴിഞ്ഞം കണ്ടെയ്നർ ടെർമിനലിന്റെ കാര്യമാണ് ഉദ്ദേശിക്കുന്നതെങ്കിൽ പദ്ധതി നടപ്പിലാക്കാൻ ബി.ഒ.ടി. അടിസ്ഥാനത്തിലുള്ള പ്രവർത്തി ഏൽപ്പിച്ചു കഴിഞ്ഞിട്ടില്ല. അതുകൊണ്ടുതന്നെ കമ്മീഷൻ ചെയ്യുന്ന കാര്യം ഇപ്പോൾ പറയാൻ സാധിക്കുകയില്ല.

(ബി) & (സി) ചോദ്യം ഉദിക്കുന്നില്ല.

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1318-ന്റെ ഉത്തരം ലഭ്യമായിട്ടില്ല.

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു.)

മി. സ്പീക്കർ: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2005-ലെ കേരള ധനകാര്യ ബില്ലിന്റെ വകുപ്പുകളിന്മേലുള്ള ഭേദഗതി നോട്ടീസ് നൽകുന്നതിനുള്ള സമയം ഇന്നു രാവിലെ 11 മുതൽ 3 മണിവരെ ആയിരുന്നു. പല അംഗങ്ങളുടെയും അഭിപ്രായം മാനിച്ച് ജനറൽ ക്ലാസ്സിനുള്ള ഭേദഗതി നൽകാൻ മൂന്നു മണിവരേയും മറ്റേത് ഏഴു മണിവരേയും സമയം നീട്ടിനൽകിയിട്ടുണ്ട്.

ശ്രീ. കെ. പി. രാജേന്ദ്രൻ: ഞങ്ങൾക്ക് ബില്ലുകൾ വായിക്കാൻ പോലും കഴിഞ്ഞിട്ടില്ല. നാളേയ്ക്കു മാറ്റിവയ്ക്കണമെന്നഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: നാളേയ്ക്ക് മാറ്റിവയ്ക്കുക എന്നു പറഞ്ഞാൽ പ്രായോഗികമായി ബുദ്ധിമുട്ടുണ്ട്. അംഗങ്ങളുടെ അഭിപ്രായം മാനിച്ചാണ് അങ്ങനെ ചെയ്തത്.

ശ്രീ. എ. കെ. ബാലൻ: ആറ് ആക്ടുകൾ ഭേദഗതി ചെയ്യപ്പെടുകയാണ്. ഇത് എപ്പോഴാണ് വായിക്കുക? എങ്ങനെയാണ് ഭേദഗതി കൊടുക്കാൻ പറ്റുന്നത്? ഇന്ന് നാലു മണിക്കുശേഷവും അസംബ്ലിയുണ്ട്. ഇന്ന് എത്ര ബില്ലുകളാണ് ചർച്ചയ്ക്ക് വരുന്നത്?

മി. സ്പീക്കർ: ഇന്നലെ ഇതു സർക്കുലേറ്റു ചെയ്യാൻ വൈകി എന്നുള്ള കാര്യം ചെയറിന്റെ ശ്രദ്ധയിൽപ്പെട്ടു. മേലാൽ അങ്ങനെ വൈകാതിരിക്കാൻ വേണ്ടി നിർദ്ദേശം കൊടുത്തിട്ടുണ്ട്.

ശ്രീ. ടി. എം. ജേക്കബ്: അടിയന്തിര ഘട്ടങ്ങളിലൊക്കെ 48 മണിക്കൂറിനുമുമ്പ് സർക്കുലേറ്റ് ചെയ്യണമെന്ന് നമ്മൾ വേവ് ചെയ്തിട്ടുണ്ട്. പക്ഷേ ഈ അജണ്ട നമ്മൾ തീരുമാനിച്ചത് ഒഴിവു ദിവസത്തിനുമുമ്പാണ്. ഇവിടെ ഇത് കൃത്യമായി തരാൻ യാതൊരു ബുദ്ധിമുട്ടുമില്ല. എന്റെ കയ്യിൽ കിട്ടിയത് രാത്രി 10.45-നാണ്. ഇത് പെട്ടെന്ന് ബി.എ.സി. കൂടി തീരുമാനിച്ചതല്ലല്ലോ. ഇതു വളരെ നേരത്തെ തീരുമാനിച്ച് ഷെഡ്യൂൾ ചെയ്തിരുന്നതാണ്. അമെന്റുമെന്റുകൾ തയ്യാറാക്കാൻ ബുദ്ധിമുട്ടുണ്ടായിരുന്നില്ല. നേരത്തെ ബുള്ളറ്റിൻ ഇഷ്യു ചെയ്തിട്ടുണ്ട്. പക്ഷേ ഇവിടെ സമയം ഉണ്ടായിരുന്നിട്ടും ഇങ്ങനെയൊരു വീഴ്ച വരുത്തിയത് ശരിയല്ല.

LIBRARY ARCHIVES Kerala Legislative Assembly